ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 26-06-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ സീഷെൽസ് സന്ദർശിക്കും. ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും.

**PM Narendra Modi to Visit Seychelles Tomorrow;**
**PM Will be the Chief Guest for National Day Golden Jubilee Celebrations of Seychelles**

2. ഇന്ത്യ-യുകെ സാമ്പത്തിക, വ്യാപാര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

**India-UK Economic and Trade Cooperation will continue to strengthen says Union Minister Piyush Goyal**

3. ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലഹരിമുക്തഇന്ത്യയ്ക്കായി കൂട്ടായി പരിശ്രമിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ.

**International Day Against Drug Abuse Today: Union Home Minister Amit Shah Calls for Collective Effort for a Drug-Free India**

4. ഭക്ഷ്യ ധന്യ ഉല്പാദനത്തിൽ രാജ്യം ഏറെ മുന്നേറിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Nation is Making Significant Strides in Food Grain Production says Union Agriculture Minister Shivraj Singh Chouhan.**

5. കേരളത്തിൽ നാളെ മുതൽ മഴ ശക്തമാകും. അഞ്ച് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

**Rain to Intensify in Kerala From Tomorrow; Yellow Alert in Five Districts; Fishing Banned Along Kerala-Karnataka-Lakshadweep Coasts Until Monday**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ അമേരിക്കയെ പരാജയപ്പെടുത്തി തുർക്കി.

**FIFA World Cup: Turkey Defeats USA**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM SEYCHELLES VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു **വിഭാഗവും** ഇന്ത്യൻ നാവികസേനയുടെ രണ്ട് കപ്പലുകളും പരിപാടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 29 വരെ നീളുന്ന സന്ദർശനത്തിൽ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ശ്രീ മോദി ചർച്ച നടത്തും. സീഷെൽസ് ദേശീയ

അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, ഇന്ത്യൻ പ്രവാസികളുമായും ആശയവിനിമയം നടത്തും.

&&&&&&&&&&&&&&&&&&

**HEADLINE-2**

**GOYAL – UK**

ഇന്ത്യ-യുകെ സാമ്പത്തിക, വ്യാപാര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. യുകെയുടെ ബിസിനസ് ആൻഡ് ട്രേഡ് സ്റ്റേറ്റ് സെക്രട്ടറി പീറ്റർ കൈലുമായി ലണ്ടനിൽ ഫലപ്രദമായ ചർച്ചകൾ നടത്തിയതായും ശ്രി ഗോയൽ പറഞ്ഞു.അടുത്ത മാസം 15 മുതൽ പ്രാബല്യത്തിൽ വരുന്ന ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ ഇരു രാജ്യങ്ങൾക്കുമിടയിൽ നവീകരണം, നിക്ഷേപം, സമഗ്ര വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും കേന്ദ്രമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു

&&&&&&&&&&&&&&&&&&

**INDIA – PAX SILICA SUMMIT**

വാഷിംഗ്ടണിൽ നടന്ന രണ്ടാമത് പാക്സ് സിലിക്ക ഉച്ചകോടിയിൽ, എ.ഐ സാങ്കേതിക വിദ്യ സുരക്ഷിത വിതരണവുമായി ബന്ധപ്പെട്ട സംരംഭത്തിൽ ഇന്ത്യ ഉൾപ്പെടെ 35 രാജ്യങ്ങൾ ഒപ്പുവെച്ചു. ഉച്ചകോടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ഐ ടി മന്ത്രാലയം സെക്രട്ടറി എസ് കൃഷ്ണനും വ്യവസായ പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുത്തു. ന്യൂഡൽഹിയിൽ നടന്ന AI ഇംപാക്റ്റ് ഉച്ചകോടിയുടെ ഭാഗമായാണ് ഇന്ത്യ പാക്സ് സിലിക്ക ഉച്ചകോടിയിൽ പങ്കെടുത്തത്.

&&&&&&&&&&&&&&&&&&

**AYODHYA ARREST**

ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റിലെ ധനസഹായവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ ഒന്നാം എഫ്.ഐ.ആറിൽ ഉൾപ്പെട്ട എട്ടുപേരെ ഉത്തർപ്രദേശ് പോലീസ് അറസ്റ്റ് ചെയ്തു. മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നിർദ്ദേശപ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ ശുപാർശയെത്തുടർന്നാണ് എഫ്.ഐ.ആർ രജിസ്റ്റർ

ചെയ്തത്. ട്രസ്റ്റ് അംഗം കൃഷ്ണമോഹൻ നൽകിയ രേഖാമൂലമുള്ള പരാതിയിൽ ശ്രീരാമജന്മഭൂമി പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**International Day Against Drug Abuse – (INTRO)**

***ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലഹരിക്കെതിരായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ലോകവ്യാപകമായി ശക്തിപ്പെടുത്താനുമാണ് ഐക്യരാഷ്ട്ര സഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. ലോക ലഹരി വിപത്ത് - നിലനിൽക്കുന്ന പ്രതിസന്ധികളും പുതിയ വെല്ലുവിളികളും നൂതന പ്രതികരണങ്ങളും എന്നതാണ് ഈ വർഷത്തെ പ്രമേയം.***

***വിശദാംശങ്ങളിലേക്ക്....***

***(വോയിസ്)***

***ലഹരിമുക്തഇന്ത്യയ്ക്കായുള്ള കൂട്ടായ പരിശ്രമങ്ങളിൽ രാജ്യമൊട്ടാകെ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. ശക്തവും ആരോഗ്യകരവും ലഹരി മുക്തവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിൽ സർവകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിരവധി സംഭാവനകൾ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. മയക്കുമരുന്ന് ദുരുപയോഗം എന്ന ആഗോള വെല്ലുവിളിക്കെതിരെ ഇന്ത്യ ഏറ്റവും ശക്തമായ പോരാട്ടം നടത്തിയെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു . മയക്കുമരുന്നിനെതിരായ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശ്രമങ്ങളെ ശ്രീ ഷാ അഭിനന്ദിച്ചു.***

***അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് രാജ്യവ്യാപകമായി നിരവധി പ്രവർത്തനങ്ങൾ ആണ് സംഘടിപ്പിച്ചിരിക്കുന്നത്. ദേശീയതലത്തിൽ ഓൺലൈൻ ലഹരി നിർമ്മാർജ്ജന പക്ഷാചരണത്തിനും ഇന്ന് തുടക്കമാകും.***

***യഥാർത്ഥ ആരോഗ്യം ആരംഭിക്കുന്നത് നല്ല ശീലങ്ങളിൽ നിന്നാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആരോഗ്യകരമായ ശീലങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് യുവതലമുറയെ ലഹരി എന്ന വിപത്തിൽ നിന്ന് സംരക്ഷിക്കാമെന്ന് കേരളം ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ലഹരിമുക്തവും***

*ആരോഗ്യപൂർണ്ണവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുമെന്ന് പ്രതിജ്ഞ ചെയ്യാനും അദ്ദേഹം ആഹ്വാനം ചെയ്തു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&&

**HEADLINE-3**

**SHAH-NCB**

ലഹരി മാഫിയക്കെതിരെയുള്ള പോരാട്ടം ശക്തമാക്കി, നാർക്കോ കോഓർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനംചെയ്തു. ലഹരി നിയന്ത്രണത്തിനായുള്ള പുതിയ വിഷൻ ഡോക്യുമെന്റ് ചടങ്ങിൽ ആഭ്യന്തരമന്ത്രി പ്രകാശിപ്പിച്ചു. ദേശീയതലത്തിൽ ഓൺലൈൻ ലഹരി നിർമ്മാർജ്ജന പക്ഷാചരണത്തിനും ഇന്ന് തുടക്കമായി.

&&&&&&&&&&&&&&&&&&

**DRUGS FREE KERALAM-CM**

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരളത്തിൽ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബോധവത്കരണ റാലിയുടെ ഫ്ലാഗ് ഓഫ് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. ലഹരിമരുന്ന് വ്യാപനത്തിന് പിന്നിൽ പ്രവർത്തിക്കുന്നവർക്കതിരെ കർശന നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ലഹരിയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുമെന്നും മയക്കുമരുന്നിനെതിരായ സമഗ്ര പരിപാടി സംസ്ഥാന സർക്കാർ നടപ്പിലാക്കുമെന്നും പരിപാടിയിൽ മന്ത്രി എം ലിജു വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**MUHARRAM**

പ്രവാചകൻ മുഹമ്മദ് നബിയുടെ പൗത്രൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും അനുചരന്മാരുടെയും രക്തസാക്ഷിത്വത്തിന്റെ ഓർമ്മ പുതുക്കി രാജ്യം

ഇന്ന് മുഹറം ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായുള്ള വിലാപയാത്രയും മറ്റ് ചടങ്ങുകളോടും അനുബന്ധിച്ച് രാജ്യത്തുടനീളം വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

മുഹറം പ്രമാണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഹസ്രത്ത് ഇമാം ഹുസൈന്റെ ത്യാഗങ്ങളെ അനുസ്മരിച്ചു. സത്യത്തിൻറെയും നീതിയുടെയും പാതയിൽ ഉറച്ചുനിൽക്കാൻ ഹസ്രത്ത് ഇമാം ഹുസൈന്റെ ജീവിതം ഇന്നും പ്രചോദനമേകുന്നു എന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**ASSEMBLY**

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026—27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടുദിവസമായി നടക്കും. ബുധനാഴ്ച പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ പരിഗണിക്കും.

വീര്യം കുറഞ്ഞ മദ്യത്തി ന്റെ നികുതി കുറയ്ക്കാനുള്ള ബജറ്റ് പ്രഖ്യാപനവും പിഎം ശ്രീ പദ്ധതിയും ഉൾപ്പെടെയുള്ള രാഷ്ട്രീയവിഷയങ്ങൾ സഭയെ പ്രക്ഷുബ്ധമാക്കിയേക്കും.

&&&&&&&&&&&&&&&&&&

**CENSUS**

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം 4 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

&&&&&&&&&&&&&&&&&&

## HEADLINE-5

## RAIN KERALAM

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-4

## SHIVARAJ-RICE, WHEAT (INTRO)

*ഭക്ഷ്യ ധാന്യ ഉല്പാദനത്തിൽ രാജ്യം ഏറെ മുന്നേറിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ . ഉത്തരാഖണ്ഡിൽ ഗോവിന്ദ് ബല്ലഭ് പന്ത് കാർഷിക സാങ്കേതിക സർവകലാശാലയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരിന്നു അദ്ദേഹം. അരി ഉല്പാദനത്തിൽ രാജ്യം ചൈനയെ മറികടന്ന് ലോകത്ത് ഒന്നാം സ്ഥാനത്തെത്തി, ബസുമതി അരി ലോകമെമ്പാടും ശ്രദ്ധ നേടി. പല രാജ്യങ്ങളിലേക്കും ഗോതമ്പ് കയറ്റുമതി നടത്തുന്നതായും ശ്രീ. ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.*

*(വോയിസ് ...)*

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് മറ്റെന്നാൾ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും

ഇന്ന് കൂടി MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

&&&&&&&&&&&&&&&&&

**HEADLINE-6**

**FIFA**

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്നു പുലർച്ചെ നടന്ന ഗ്രൂപ്പ് ഡി മത്സരത്തിൽ ആതിഥേയരായ അമേരിക്കയെ രണ്ടിനെതിരെ മൂന്നു ഗോളിന് തുർക്കിയയെ പരാജയപ്പെടുത്തി. പരാഗ്വേ– ഓസ്ട്രേലിയ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ഇന്നു രാത്രി 12.30ന് ഫ്രാൻസും, നോർവേയും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&

**ICC WOMEN T-20**

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക സ്കോട്ട്ലന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 11നാണ് മത്സരം.

&&&&&&&&&&&&&&&&&

**VENEZUELA - UPDATE**

വെനിസ്വേലയിൽ ഇന്നലെയുണ്ടായ ശക്തമായ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 235 ആയി ഉയർന്നു.1,500-ലധികം പേർക്ക് പരിക്കേറ്റു. കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. തലസ്ഥാനമായ കാരക്കാസിലും പരിസര പ്രദേശങ്ങളിലുമായി 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളാണ് ഉണ്ടായത്. തുടർന്ന് വെനിസ്വേലയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

**C.P. JOHN-GADKHARI**

സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗതാഗത മന്ത്രി സി.പി ജോൺ

കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി കൂടിക്കാഴ്ച നടത്തി. വാഹൻ - സാരഥി പോർട്ടലുകളിലെ അപാകതകൾ, കെ.എസ്.ആർ.ടി.സി ബസുകളുടെ നവീകരണം, ഇ - ചെലാൻ ഏകോപനം തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി. വാഹൻ, സാരഥി സേവനങ്ങളിൽ നിരന്തരമുണ്ടാകുന്ന തടസ്സങ്ങൾ ഒരാഴ്ചയ്ക്കകം പരിഹരിക്കാൻ ദേശീയ ഇൻഫർമാറ്റിക്സ് സെന്ററിന് കേന്ദ്രമന്ത്രി കർശന നിർദേശം നൽകി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&